പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : * 180     17/06/2013-ൽ മറുപടിക്ക്

## ഗോത്രജ്യോതി പദ്ധതി

ചോദ്യം     മറുപടി

ശ്രീ. എം.പി.വിൻസെന്റ്
ശ്രീ.ഡൊമിനിക് പ്രസന്റേഷൻ
ശ്രീ.ബെന്നി ബെഹനാൻ
ശ്രീ.വി.പി.സജീന്ദ്രൻ

:

കുമാരി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും
കാഴ്ചബംഗ്ളാവുകളും
മൃഗശാലകളും വകുപ്പു മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | ഗോത്ര ജ്യോതി പദ്ധതി ആരംഭിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; | (ബി) | കേരള സംസ്ഥാനത്തെ പട്ടിക വർഗ്ഗത്തിൽപ്പെട്ട എസ്.എസ്.എൽ.സി എങ്കിലും പാസ്സായ 15-നും 30-നും ഇടയിൽ പ്രായമുള്ള യുവതീ-യുവാക്കൾക്ക് മികച്ച തൊഴിലുകളിലേയ്ക്ക് എത്തിപ്പെടുന്നതിന് സഹായം നൽകുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. |
| (സി) | ഏതെല്ലാം ഏജൻസികളാണ് പദ്ധതിയുമായി സഹകരിക്കുന്നത്; | (സി) | രാജീവ് ഗാന്ധി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ യൂത്ത് ഡവലപ്മെന്റ്, നാഷണൽ സർവ്വീസ് സ്കീം എന്നീ ഏജൻസികൾ പട്ടികവർഗ്ഗ വികസന വകുപ്പുമായി സഹകരിക്കുന്നു. |
| (ഡി) | പട്ടികവർഗ്ഗക്കാരായ യുവാക്കൾക്ക് തൊഴിൽ നൈപുണ്യത്തിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) | തൊഴിൽ പരിശീലനങ്ങൾ, ധനസഹായം, പഠനോപകരണ വിതരണം തുടങ്ങിവയും അതോടൊപ്പം അതാതു വിഭാഗങ്ങളിലെ വിദഗ്ദ്ധതലങ്ങളിൽ നിന്നും കരിയർ ഗൈഡൻസും ലഭ്യമാക്കുന്നു. |

സെക്ഷൻ ഓഫീസർ